248	5	നാളികേര കൃഷി വികസനം 2025-26	AO	Development Fund(General) - 419055 , Development Fund(CFC Basic Grant) - 1200000 , Own Fund - 0 , Beneficiary Contribution/Donations (Remitted to the Panchayat) - 539685	New Project	2158740
249	6	നെൽ കൃഷി വികസനം 2025-26	AO	Development Fund(General) - 3192000 , Receipts from other LSG's (Block Panchayats) - 511000	New Project	1503500
250	7	വാഴ കൃഷി വികസനം 2025-26	AO	Development Fund(General) - 800000 , Own Fund - 250 , Beneficiary Contribution (Direct Expenditure) - 800250	New Project	0
251	8	പോഷക തോട്ടം 2025-26	AO	Development Fund(General) - 179250 , Own Fund - 0 , Beneficiary Contribution/Donations (Remitted to the Panchayat) - 59989	New Project	0
252	9	പച്ചക്കറി കൃഷി വികസനം 2025-26	AO	Development Fund(General) - 350000	New Project	0
253	10	ഡ്രാഗൺ ഫ്രൂട്ട് തൈ വിതരണം 2025-26	AO	Development Fund(General) - 81900 , Own Fund - 0 , Beneficiary Contribution/Donations (Remitted to the Panchayat) - 27300	New Project	0

254	11	കപ്പ കൃഷി വികസനം 2025-26	AO	Development Fund(General) - 79000 , Beneficiary Contribution/Donations (Remitted to the Panchayat) - 26344	New Project	0
255	388	അടുക്കളത്തോട്ടം 2025-26	AO	Development Fund(General) - 446255 , Own Fund - 205495 , Beneficiary Contribution/Donations (Remitted to the Panchayat) - 217250	New Project	0
256	464	കൃഷി ഭവൻ കമ്പ്യൂട്ടർ വാങ്ങല്	AO	Own Fund - 50000	New Project	49500
257	506	കൃഷി ഭവനിലേക്ക് ഫർണിച്ചർ വാങ്ങൽ	AO	Maintenance Fund - Non-road Assets - 85060	New Project	0
258	32	ജനകീയ ഹോട്ടൽ	As SEC (GP)	Own Fund - 120000	New Project	47278
259	33	ആശ്രയ അഗതി രഹിത കേരളം	As SEC (GP)	Development Fund(General) - 360275 , Own Fund - 359725	New Project	236200
260	37	എസ്സി വിവാഹ ധനസഹായം	As SEC (GP)	Development Fund(S.C.P) - 800000 , Receipts from other LSG's (Block Panchayats) - 450000	New Project	250000
261	65	പട്ടികജാതി വിദ്യാർഥ്തികൾക്ക് സ്കോളർഷിപ്പ്	As SEC (GP)	Development Fund(S.C.P) - 909597 , Own Fund - 265403	New Project	1095000
262	78	പട്ടികജാതി വിദ്യാർഥികൾക്ക് ലാപ് ടോപ്പ്	As SEC (GP)	Development Fund(S.C.P) - 520000	New Project	429000
263	99	പട്ടികജാതി വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ	As SEC (GP)	Development Fund(S.C.P) - 300000	New Project	278400
264	145	അതിദരിദ്രർക്ക് ഭക്ഷ്യകിറ്റ് വിതരണം	As SEC (GP)	Development Fund(General) - 200000	New Project	61341
265	181	ബഡ്സ് സ്കൂൾ പ്രവർത്തനങ്ങള്	As SEC (GP)	Own Fund - 1548000	New Project	1134346
266	189	ബാലസഭ പ്രവർത്തനങ്ങൾ	As SEC (GP)	Own Fund - 50000	New Project	49850
267	213	അതിദരിദ്രർക്ക് വീടിന് വാടക നൽകല്	As SEC (GP)	Own Fund - 100000	New Project	0

268	251	ബഡ്സ് സ്കൂളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങല്	As SEC (GP)	Externally Aided Projects - 600000	New Project	553322
269	254	ബഡ്സ് സ്കൂൾ കുട്ടികൾക്ക് ടൂർ പ്രോഗ്രാം	As SEC (GP)	Development Fund(General) - 100000	New Project	95200
270	264	ക്ഷയരോഗ മുക്ത പഞ്ചായത്ത് ക്ഷയരോഗികൾക്ക് പോഷകാഹാര കിറ്റ് നൽകല്	As SEC (GP)	Own Fund - 300000	New Project	9345
271	258	നഹാസാഹിബ് സാംസ്കാരിക നിലയം ഇൻവെർട്ടർ സ്ഥാപിക്കൽ	As SEC (GP)	Own Fund - 100000	New Project	0
272	543	ബഡ്സ് സ്കൂളിലേക്ക് പ്രിന്റർ വാങ്ങല്	As SEC (GP)	Own Fund - 50000	New Project	0
273	14	ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി	DFI	Development Fund(General) - 120000 , Receipts from other LSG's (Block Panchayats) - 30000	New Project	120000
274	15	ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം	DFI	Development Fund(General) - 200000 , Beneficiary Contribution (Direct Expenditure) - 200000	New Project	199800
275	72	തുല്യത പരീക്ഷ പദ്ധതി	HM(GUPS)	Own Fund - 100000 , Beneficiary Contribution/Donations (Remitted to the Panchayat) - 75200	New Project	47550
276	80	സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം	HM(GUPS)	Own Fund - 90000	New Project	71940
277	92	വിജയഭേരി പദ്ധതി	HM(GUPS)	Own Fund - 50000	New Project	0
278	102	പ്രൈമറി വിദ്യാർത്ഥികൾക്ക് നീന്തല് പരിശീലനം	HM(GUPS)	Own Fund - 75000	New Project	49700
279	111	ഗവ സ്കൂളുകൾക്ക് ഫർണ്ണീച്ചർ വാങ്ങല്	HM(GUPS)	Maintenance Fund - Non-road Assets - 1000000	New Project	999180
280	112	ഗവ സ്കൂളുകൾക്ക് അടുക്കള ഉപകരണങ്ങള് വാങ്ങൽ	HM(GUPS)	Maintenance Fund - Non-road Assets - 150000	New Project	143230

281	121	ഗവ സ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങള് വാങ്ങൽ	HM(GUPS)	Maintenance Fund - Non-road Assets - 100000	New Project	86911
282	123	സ്കൂൾ വിദ്യർത്ഥികൾക്ക് കായിക പരിശീലനം	HM(GUPS)	Own Fund - 100000	New Project	19230
283	124	സ്കൂൾ വിദ്യാർത്ഥികൾക്ക് കരാട്ടെ പരിശീലനം	HM(GUPS)	Own Fund - 50000	New Project	0
284	538	വിദ്യാർത്ഥി ഹരിത സേന സ്കോളർഷിപ്പ്	HM(GUPS)	Own Fund - 85000	New Project	0
285	540	കൊടുവായൂർ പോപുലർ ലൈബ്രറി ഫർണിച്ചര് വാങ്ങൽ	HM(GUPS)	Own Fund - 100000	New Project	0
286	541	മമ്പുറം സ്കൂളിലേക്ക് പ്രിന്റർ വാങ്ങല്	HM(GUPS)	Own Fund - 20000	New Project	0
287	193	അജൈവ മാലിന്യ നിർമാർജനം	LVEO/VEO	Own Fund - 1000000 , Development Fund(CFC tied Grant) - 340000	New Project	0
288	211	ഹരിത കർമ്മ സേനയ്ക്ക് സാധനസാമഗ്രികൾ വാങ്ങൽ	LVEO/VEO	Own Fund - 200000 , Development Fund(CFC tied Grant) - 200000	New Project	184355
289	216	വ്യക്തിഗത കിണറുകളുടെ ശുചീകരണം	LVEO/VEO	Own Fund - 3500 , Development Fund(CFC tied Grant) - 1196500	New Project	0
290	217	ഐ ഇ സി പ്രോഗ്രാം	LVEO/VEO	Development Fund(CFC tied Grant) - 50000	New Project	0
291	218	ക്ലീൻ എ ആർ നഗർ പദ്ധതി - സാധനസാമഗ്രികൾ വാങ്ങൽ	LVEO/VEO	Development Fund(CFC tied Grant) - 100000	New Project	86778
292	475	ഓർഗാനിക് കമ്പോസ്റ്റ്	LVEO/VEO	Own Fund - 698292 , Beneficiary Contribution/Donations (Remitted to the Panchayat) - 77588	New Project	0
293	352	ബയോബിൻ വിതരണം	LVEO/VEO	Centrally Sponsored Scheme Fund - 685600 , Beneficiary Contribution/Donations (Remitted to the Panchayat) - 136052 , Development Fund(CFC tied Grant) - 14855	Spill Over	0

294	363	വ്യക്തിഗത കിണറുകളുടെ ശ്രുചികരണം	LVEO/VEO	Own Fund - 600 , Development Fund(CFC tied Grant) - 519400	Spill Over	0
295	365	വ്യക്തിഗത കക്കൂസ് നിർമ്മാണം	LVEO/VEO	Own Fund - 6200 , Development Fund(CFC tied Grant) - 486600	Spill Over	0
296	366	ബയോബിൻ വിതരണം	LVEO/VEO	Own Fund - 1532 , Beneficiary Contribution/Donations (Remitted to the Panchayat) - 163548 , Development Fund(CFC tied Grant) - 1470400	Spill Over	872910
297	364	അജൈവ മാലിന്യ നിർമ്മാർജനം രണ്ടാം ഘട്ടം ട്രഷറി ഫണ്ട്	LVEO/VEO	Development Fund(CFC tied Grant) - 399563	Spill Over	0
298	13	ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ	MO (AYU)	Maintenance Fund - Non-road Assets - 1000000	New Project	1000000
299	16	വനിതകൾക്ക് യോഗ പരിശീലനം	MO (AYU)	Development Fund(General) - 144000	New Project	72000
300	269	ആയുർവേദ ഡിസ്പെൻസറി വാട്ടര് പ്യൂരീഫയര് വാങ്ങൽ	MO (AYU)	Maintenance Fund - Non-road Assets - 50000	New Project	0
301	459	ആയുർവ്വേദ ഡിസ്പൻസറി കമ്പ്യൂട്ടര് വാങ്ങല്	MO (AYU)	Own Fund - 50000	New Project	0
302	2	ഗവ ഹോമിയോ ഡിസ് പെൻസറിക്ക് മരുന്നും മരുന്ന് വിതരണ സാധനങ്ങളും വാങ്ങൽ	MO (HOM)	Maintenance Fund - Non-road Assets - 400000	New Project	400000
303	3	കുന്നുംപുറം എസ് സി ഡിസ് പെൻസറിക്ക് മരുന്നും മരുന്ന് വിതരണ സാധങ്ങളും വാങ്ങൽ	MO (HOM)	Maintenance Fund - Non-road Assets - 300000	New Project	300000
304	4	ഗവ ഹോമിയോ ഡിസ് പെൻസറിക്ക് ഫർണിച്ചർ വാങ്ങൽ	MO (HOM)	Maintenance Fund - Non-road Assets - 100000	New Project	100000
305	41	ഗവ ഹോമിയോ ഡിസ് പെൻസറിക്ക് ഇൻവെർട്ടർ വാങ്ങൽ	MO (HOM)	Maintenance Fund - Non-road Assets - 75000	New Project	71792

306	42	പുകയൂർ കുന്നുംപുറം ഗവ ഹോമിയോ ഡിസ്പെൻസറിക്ക് വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ	MO (HOM)	Maintenance Fund - Non-road Assets - 100000	New Project	97000
307	19	കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ	MO (PHC)/(MO) CHC	Maintenance Fund - Non-road Assets - 1000000	New Project	341062
308	20	അതിദരിദ്രർക്ക് മരുന്ന് വാങ്ങൽ	MO (PHC)/(MO) CHC	Development Fund(General) - 100000	New Project	0
309	21	കുടുംബാരോഗ്യ കേന്ദ്രം- സായാഹ്ന ഒപി ജീവനക്കാരുടെ വേതനം നൽകൽ	MO (PHC)/(MO) CHC	Own Fund - 1036062	New Project	863742
310	22	ആരോഗ്യഭേരി-സമഗ്ര ക്യാൻസർ ജീവിതശൈലി രോഗ നിയന്ത്രണ പരിപാടി	MO (PHC)/(MO) CHC	Development Fund(General) - 200000	New Project	6500
311	23	ആർദ്രം മിഷൻ- പകർച്ചവ്യാധി നിയന്ത്രണ പരിപാടി	MO (PHC)/(MO) CHC	Development Fund(General) - 150000	New Project	71202
312	24	എആർ നഗര് കുടുംബാരോഗ്യകേന്ദ്രം- ദൈനംദിന ചെലവുകൾ	MO (PHC)/(MO) CHC	Own Fund - 300000	New Project	0
313	25	ആർദ്രം മിഷൻ-പ്രതിരോധ ചികിത്സാ ശാക്തീകരണം	MO (PHC)/(MO) CHC	Own Fund - 100000	New Project	91580
314	26	പുകയൂർ സബ് സെന്റർ ഫർണിച്ചറും മെഡിസിൻ റാക്കും വാങ്ങൽ	MO (PHC)/(MO) CHC	Maintenance Fund - Non-road Assets - 100000	New Project	98300
315	27	ആർദ്രം മിഷൻ- പരിരക്ഷ പദ്ധതി	MO (PHC)/(MO) CHC	Development Fund(General) - 900000 , Own Fund - 1200000 , Receipts from other LSG's (Block Panchayats) - 400000	New Project	1014283
316	100	സബ് സെൻററുകളില് വാട്ടർപ്യൂരിഫയര് സ്ഥാപിക്കൽ	MO (PHC)/(MO) CHC	Maintenance Fund - Non-road Assets - 300000	New Project	0
317	117	ഇ-ഹെൽത്ത് ഉപകരണങ്ങൾക്ക് എഎംസി	MO (PHC)/(MO) CHC	Own Fund - 100000	New Project	99993
318	127	ജനകീയ ആരോഗ്യകേന്ദ്രം- കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ	MO (PHC)/(MO) CHC	Own Fund - 200000	New Project	0

319	137	ജനകീയ ആരോഗ്യകേന്ദ്രം- ഫർണിച്ചര് വാങ്ങൽ	MO (PHC)/(MO) CHC	Own Fund - 400000	New Project	398000
320	515	ആരോഗ്യസ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ -2024-25 സ്കീം 3	MO (PHC)/(MO) CHC	Health Grant - 321000	New Project	0
321	516	കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ- സ്കീം 4 - 2024-25	MO (PHC)/(MO) CHC	Health Grant - 226000	New Project	0
322	389	ആരേഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തല് - 2023-24 സ്കീം-3	MO (PHC)/(MO) CHC	Health Grant - 786117	Spill Over	164928
323	390	കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങള് നടപ്പിലാക്കല് - 2023-24 - സ്കീം - 4	MO (PHC)/(MO) CHC	Health Grant - 795000	Spill Over	205069
324	1	ഐ കെ എം വിഹിതം നൽകല്	SEC (GP)	Development Fund(General) - 125700	New Project	125700
325	34	എസ് എസ് എ വിഹിതം നൽകല്	SEC (GP)	Development Fund(General) - 1000000	New Project	1000000
326	36	കോക്ലിയർ ഇംബ്ലാൻറ് മെയിൻറൻസ് - വിഹിതം നൽകല്	SEC (GP)	Own Fund - 200000	New Project	0
327	55	പഞ്ചായത്ത് കുടിവെള്ള വിതരണം	SEC (GP)	Own Fund - 1200000	New Project	1003638
328	57	തെരുവ് വിളക്ക് റിപ്പയർ എഎംസി	SEC (GP)	Own Fund - 495000	New Project	0
329	60	സോഷ്യൽ മീഡിയ അപ്പ്ഡേഷൻ പദ്ധതി	SEC (GP)	Own Fund - 200000	New Project	0
330	70	കേരളോത്സവം	SEC (GP)	Own Fund - 150000	New Project	150000
331	73	ദിനപത്ര തുക അടവാക്കൽ	SEC (GP)	Own Fund - 200000	New Project	89760
332	77	മമ്പുറം ഗവ എൽപി സ്കൂള് വാടക നൽകല്	SEC (GP)	Own Fund - 300000	New Project	0
333	81	പദ്ധതി നിർവ്വണവും മോണിറ്ററിങും	SEC (GP)	Own Fund - 100000	New Project	61700

334	93	ദുരിതാശ്വാസ ക്യാമ്പുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കല്	SEC (GP)	Own Fund - 50000	New Project	0
335	94	ക്ലീൻ ഏആർ നഗർ പദ്ധതി	SEC (GP)	Development Fund(CFC tied Grant) - 576000	New Project	278400
336	101	വാർഡ് 10 വാർഡ് 11 പുതിയങ്ങാടി ഫസൽഹാജി ഏആർ നഗർ റോഡില് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ	SEC (GP)	Development Fund(General) - 104000 , Development Fund(CFC Basic Grant) - 396000	New Project	397365
337	106	വാർഡ് 8 കക്കാടംപുറം കാരച്ചിന റോഡില് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ	SEC (GP)	Development Fund(CFC Basic Grant) - 250000	New Project	83713
338	108	വാർഡ് 15 ഇരുമ്പുചോല ട്രാൻസ്ഫോർമർ പരിധിയിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ	SEC (GP)	Development Fund(CFC Basic Grant) - 250000	New Project	250000
339	130	അത്തംപുറ കുന്നുംപുറം റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ	SEC (GP)	Development Fund(General) - 250000	New Project	199012
340	139	വെട്ടത്ത് ബസാർ പതിനാറുങ്ങൽ റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ	SEC (GP)	Development Fund(General) - 125000	New Project	125000
341	142	തെരുവ് വിളക്ക് സ്ഥാപിക്കൽ	SEC (GP)	Own Fund - 3000000	New Project	2997769
342	146	ഇല്ലിക്കൽ ഇടവഴി പൊറ്റാണില് റോഡ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ	SEC (GP)	Own Fund - 200000	New Project	0
343	149	വാർഡ് 7 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കല്	SEC (GP)	Own Fund - 100000	New Project	0
344	151	വാർഡ് 20 മൂക്കമ്മല് റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ	SEC (GP)	Development Fund(General) - 75000	New Project	75000
345	154	ഇരുമ്പുചോല ഹൈമാസ്റ്റ് ലൈറ്റ് മാറ്റി സ്ഥാപിക്കൽ	SEC (GP)	Own Fund - 50000	New Project	0
346	163	വികെ പടി ഹൈമാസ്റ്റ് ലൈറ്റ് മാറ്റി സ്ഥാപിക്കൽ	SEC (GP)	Own Fund - 50000	New Project	0
347	169	മമ്പുറം ലിങ്ക് റോഡിലെ മിനിമാസ്റ്റ് ലൈറ്റ് മാറ്റി സ്ഥാപിക്കൽ	SEC (GP)	Own Fund - 100000	New Project	0

348	179	മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ വിവിധ അങ്ങാടികളിൽ സിസിടിവി സ്ഥാപിക്കൽ	SEC (GP)	Development Fund(CFC tied Grant) - 400000	New Project	0
349	186	പഞ്ചായത്ത് ഓഫീസിലേക്ക് ഇലക്ട്രിക്ക് സ്കൂട്ടർ വാങ്ങൽ	SEC (GP)	Own Fund - 175000	New Project	148427
350	187	പഞ്ചായത്ത് ഓഫീസിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ	SEC (GP)	Development Fund(General) - 141302	New Project	0
351	203	പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ	SEC (GP)	Own Fund - 150000	New Project	85188
352	222	അങ്ങാടികളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ	SEC (GP)	Development Fund(CFC tied Grant) - 780500	New Project	780000
353	270	നഹാസാഹിബ് സാസ്കാരിക നിലയം സോളാർ സ്ഥാപിക്കല്	SEC (GP)	Own Fund - 300000	New Project	298100
354	354	ഹൈമാസ്റ്റ് മിനി മാസ്റ്റ് സോളാർ ലൈറ്റുകള് റിപ്പയർ ചെയ്യല്	SEC (GP)	Own Fund - 1000000	New Project	886223
355	371	കുന്നുംപുറം അങ്ങാടിയിൽ സ്ട്രീറ്റ് മെയിന് കൺട്രോളര് സ്ഥാപിക്കൽ	SEC (GP)	Own Fund - 100000	New Project	71516
356	373	വിവിധ സ്ട്രീറ്റ് മെയിനുകൾക്ക് ഇലക്ട്രിസിറ്റി കണക്ഷൻ എടുക്കൽ	SEC (GP)	Own Fund - 100000	New Project	16342
357	374	കാവുങ്ങപ്പാറ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	SEC (GP)	Own Fund - 25000	New Project	15675
358	375	കുന്നുംപുറം പിഎച്സി ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	SEC (GP)	Own Fund - 25000	New Project	0
359	378	പഞ്ചായത്ത് ഓഫീസിൽ കൗണ്ടറുകള് സ്ഥാപിക്കൽ	SEC (GP)	Own Fund - 480000	New Project	0
360	476	ഇരുമ്പുചോല ലക്ഷം വീട് കോളനി നവീകരണം - ലൈറ്റ് സ്ഥാപിക്കല്	SEC (GP)	Own Fund - 100000	New Project	0
361	477	പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ	SEC (GP)	Own Fund - 400000	New Project	396000

362	478	ഹരിത കർമ്മസേന വാഹനം അഡീൽണല് വർക്ക് ചെയ്യല്	SEC (GP)	Own Fund - 100000	New Project	0
363	482	വിജ്ഞാന കേരളം പദ്ധതി	SEC (GP)	Own Fund - 180000	New Project	0
364	507	മമ്പുറം ജിഫ്രി തങ്ങൾ റോഡ് സ്ട്രീറ്റ് മെയിന് സ്ഥാപിക്കൽ	SEC (GP)	Own Fund - 75000	New Project	0
365	508	പഞ്ചായത്ത് വികസന പ്രവര്ത്തപനങ്ങള് - ഡോക്യുമെന്റേഷൻ	SEC (GP)	Own Fund - 200000	New Project	0
366	509	വികസന സദസ്സ്	SEC (GP)	Own Fund - 200000	New Project	186336
367	512	പഞ്ചായത്ത് ഓഫീസിൽ ഇന്വെയട്ടര് സ്ഥാപിക്കൽ	SEC (GP)	Development Fund(General) - 24798 , Own Fund - 75000	New Project	71792
368	517	വാർഡ് 8 കക്കാടംപുറം സ്കൂള് കുടിവെള്ള പദധതി	SEC (GP)	Development Fund(CFC tied Grant) - 400000	New Project	0
369	518	മൂഗാശ്രുപത്രി കുടിവെള്ള പദ്ധതി	SEC (GP)	Development Fund(CFC tied Grant) - 150000	New Project	0
370	519	വനിതകൾക്ക് ഫിറ്റ്നസ് സെന്റര്	SEC (GP)	Development Fund(General) - 3100000	New Project	0
371	521	കണ്ടമ്മാട് നഗർ ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ	SEC (GP)	Development Fund(General) - 34000	New Project	34000
372	522	ഇരുമ്പുചോല കൊളപ്പുറം നോർത്ത് അംഗനവാടി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	SEC (GP)	Development Fund(General) - 75000	New Project	75000
373	523	ഹെൽത്ത് ആൻഡ് വെൽനസ് മെയിന് സെന്റർ- ഇലക്ട്രിസിറ്റി കണക്ഷൻ എടുക്കല്	SEC (GP)	Development Fund(General) - 40000	New Project	39883
374	524	പഞ്ചായത്ത് ഓഫീസ് കഴൽ കിണര് നിർമ്മാണം	SEC (GP)	Own Fund - 250000	New Project	0
375	525	പഞ്ചായത്ത് സ്റ്റേഡിയം കഴല് കിണര് നിർമ്മാണം	SEC (GP)	Own Fund - 250000	New Project	0
376	526	പഞ്ചായത്ത് കുടിവെള്ള പദ്ധതി മോട്ടോർ റിപ്പയർ	SEC (GP)	Own Fund - 200000	New Project	200000

377	527	യാറത്തും പടി അംഗനവാടി കൂടിവെള്ള പദ്ധതി	SEC (GP)	Development Fund(CFC tied Grant) - 150000	New Project	0
378	528	പുതിയത്ത് പുറായ അംഗനവാടി കൂടിവെള്ള പദ്ധതി	SEC (GP)	Development Fund(CFC tied Grant) - 150000	New Project	0
379	272	കുന്നത്ത് അരീത്തോട് റോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ	SEC (GP)	Own Fund - 200000	Spill Over	200000
380	273	പിഎംഎവൈ വിഹിതം നൽകല് - എസ്സി	SEC (GP)	Development Fund(S.C.P) - 420000	Spill Over	280000
381	274	എആർ നഗര് കൂടിവെള്ള ടാങ്ക് - ഇലക്ട്രിസിറ്റി കണക്ഷൻ എടുക്കല്	SEC (GP)	Own Fund - 20000	Spill Over	0
382	275	അങ്ങാടികളിൽ വേസ്റ്റ് ബിന് സ്ഥാപിക്കൽ	SEC (GP)	Development Fund(CFC tied Grant) - 694826	Spill Over	640794
383	276	മാലിന്യമുക്തം നവകേരളം - ശുചീകരണ ജീവനക്കാർക്ക് വേതനം നൽകല്	SEC (GP)	Own Fund - 200000 , Development Fund(CFC tied Grant) - 252832	Spill Over	222230
384	277	പിഎംഎവൈ വിഹിതം നൽകല്	SEC (GP)	Development Fund(General) - 1470000	Spill Over	910000
385	278	ഐഎസ്ഓ അനുബന്ധ പ്രവർത്തനങ്ങള്	SEC (GP)	Own Fund - 70000	Spill Over	12500
386	279	മമ്പുറം മഖാം കുന്നുംപുറം എഫ്എച്സി എന്നിവടങ്ങളിൽ വാട്ടർ എടിഎം സ്ഥാപിക്കുക	SEC (GP)	Development Fund(CFC tied Grant) - 300000	Spill Over	298500
387	280	എംസിഎഫ് സെന്റർ സി സി ടി വി സ്ഥാപിക്കൽ	SEC (GP)	Own Fund - 100000	Spill Over	0
388	281	വലിയപറമ്പ് തോട്ടശ്ശേരിയറ റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കല്	SEC (GP)	Own Fund - 300000	Spill Over	300000
389	282	ടിപ്പു സുൽത്താന് റോഡ് സ്ട്രീറ്റ് ലൈന് വലിക്കൽ	SEC (GP)	Own Fund - 300000	Spill Over	185411
390	333	പാലാന്തറ അംഗനവാടി കൂടിവെള്ള പദ്ധതി	SEC (GP)	Development Fund(CFC tied Grant) - 110000	Spill Over	106000
391	335	പുകയൂർ സ്കൂള് കൂടിവെള്ള പദ്ധതി	SEC (GP)	Development Fund(CFC tied Grant) - 400000	Spill Over	51000
392	360	അംഗനവാടികൾക്ക് സ്ഥലം വാങ്ങല്	SEC (GP)	Own Fund - 116715	Spill Over	116715

393	432	ഓപ്പൺ ജിം നിർമ്മാണം	SEC (GP)	Own Fund - 500000	Spill Over	495400
394	520	എആർ നഗര് കുടിവെള്ള പദ്ധതി - സാധന സാമഗ്രികൾ വാങ്ങല്	SEC (GP)	Own Fund - 200000	New Project	0
395	261	മുറ്റത്തൊരു മീൻതോട്ടം	SI(FIS)	Own Fund - 16000 , Beneficiary Contribution (Direct Expenditure) - 24000	New Project	0
396	17	അന്നപൂരക പോഷകാഹാരം	SUP (ICDS)	Development Fund(General) - 3860000 , Centrally Sponsored Scheme Fund - 2940000	New Project	4107342
397	18	ഭിന്നശേഷി കലോത്സവം	SUP (ICDS)	Own Fund - 75000	New Project	75000
398	28	അങ്കണവാടി കലോത്സവം	SUP (ICDS)	Own Fund - 30000	New Project	0
399	44	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് ബത്ത നൽകല്	SUP (ICDS)	Development Fund(General) - 2078500 , Receipts from other LSG's (Block Panchayats) - 939000 , Receipts from other LSG's (District Panchayat) - 313000	New Project	2654400
400	48	വയോജനങ്ങൾക്ക് കട്ടില്	SUP (ICDS)	Development Fund(General) - 900000 , Own Fund - 450	New Project	818000
401	54	അങ്കണവാടികൾക്ക് ഉപകരണങ്ങള് വാങ്ങല്	SUP (ICDS)	Maintenance Fund - Non-road Assets - 700000	New Project	0
402	56	അങ്കണവാടികളുടെ ദൈനംദിന ചെലവുകള് ഐ സി ഡി എസ് സൂപ്പർവൈസര് ഓഫീസ് ചെലവുകൾ	SUP (ICDS)	Own Fund - 100000	New Project	20255
403	74	അങ്കണവാടികൾ സ്മാർട്ട് ആക്കല്	SUP (ICDS)	Own Fund - 185431 , Maintenance Fund - Non-road Assets - 814569	New Project	0
404	89	ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങള്	SUP (ICDS)	Own Fund - 500000	New Project	0
405	219	പുകയൂർ കുന്നത്ത് അങ്കണവാടി മീറ്റിംഗ് ഹാളിലേക്ക് ഫർണിചറുകള് വാങ്ങൽ	SUP (ICDS)	Maintenance Fund - Non-road Assets - 75000	New Project	0

406	456	വയോജനങ്ങൾക്ക് ഉല്ലാസ യാത്ര	SUP (ICDS)	Own Fund - 200000	New Project	198000
407	460	ഇരുമ്പുചോല അംഗനവാടി ഫർണ്ണിച്ചര് വാങ്ങൽ	SUP (ICDS)	Own Fund - 100000	New Project	0
408	283	ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകല്	SUP (ICDS)	Development Fund(General) - 0 , Own Fund - 105000 , Receipts from other LSG's (Block Panchayats) - 0 , Receipts from other LSG's (District Panchayat) - 0	Spill Over	97000
409	285	വാർഡ് 2 വാർഡ് 4 അംഗനവാടി സ്മാർട്ടാക്കല്	SUP (ICDS)	Maintenance Fund - Non-road Assets - 19711	Spill Over	19200
410	107	വയോജന സംഗമം	SUP (ICDS)	Own Fund - 50000	New Project	0
411	118	ഹാപ്പി ടീൻ സംഗമം	SUP (ICDS)	Own Fund - 50000	New Project	0
412	88	ലൈഫ് ഭവന നിർമ്മാണം - ജനറല്	VEO/LVEO	Development Fund(General) - 3695200 , State Sponsored Scheme Fund - 7500000 , Own Fund - 1604800 , Loans from Financial Institutions - 15400000 , Receipts from other LSG's (Block Panchayats) - 1800000 , Receipts from other LSG's (District Panchayat) - 5000000	New Project	2990000
413	110	ലൈഫ് ഭവന നിർമ്മാണം - അതിദരിദ്രര്	VEO/LVEO	Development Fund(General) - 1300000 , Receipts from other LSG's (Block Panchayats) - 650000 , Receipts from other LSG's (District Panchayat) - 650000	New Project	0
414	138	വീട് പുനരുദ്ധാരണം - എസ് സി	VEO/LVEO	Development Fund(S.C.P) - 2100000	New Project	0
415	143	ഭവന പുനരുദ്ധാരണം- ജനറല്	VEO/LVEO	Own Fund - 6300000	New Project	0

416	253	ലൈഫ് ഭവന പദ്ധതി എസ്സി	VEO/LVEO	Development Fund(S.C.P) - 1500000 , State Sponsored Scheme Fund - 3000000 , Loans from Financial Institutions - 2275000 , Receipts from other LSG's (Block Panchayats) - 600000 , Receipts from other LSG's (District Panchayat) - 2000000	New Project	310000
417	349	ഭവന പുനരുദ്ധാരണം - ജനറല്	VEO/LVEO	Development Fund(General) - 0 , Own Fund - 450000	Spill Over	0
418	350	ഭവന പുനരുദ്ധാരണം ജനറൽ	VEO/LVEO	Own Fund - 2300000	Spill Over	350000
419	351	ഭവന പുനരുദ്ധാരണം എസ്സി	VEO/LVEO	Development Fund(S.C.P) - 204597 , Own Fund - 1045403	Spill Over	200000
420	353	ഭവന പുനരുദ്ധാരണം - എസ്സി	VEO/LVEO	Development Fund(S.C.P) - 335403 , Own Fund - 14597	Spill Over	50000
421	150	വ്യക്തിഗത തൊഴിൽ സംരഭങ്ങൾക്ക് ധന സഹായം	VEO/LVEO	Own Fund - 50000	New Project	0
422	43	മുട്ടക്കോഴി വിതരണം	VETS	Development Fund(General) - 1351200 , Beneficiary Contribution/Donations (Remitted to the Panchayat) - 112600	New Project	0
423	45	ആട് വിതരണം	VETS	Development Fund(General) - 240000 , Beneficiary Contribution (Direct Expenditure) - 240000	New Project	144000
424	47	കറവ പശു വിതരണം	VETS	Development Fund(General) - 300000 , Own Fund - 330000 , Beneficiary Contribution (Direct Expenditure) - 630000	New Project	630000

425	51	മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങല്	VETS	Maintenance Fund - Non-road Assets - 450000	New Project	450000
426	53	തെരുവ് നായകളുടെ വാക്സിനേഷന്ർ	VETS	Own Fund - 100000	New Project	92290
427	271	മൃഗാശുപത്രിയിലേക്ക് വാട്ടർ പ്യൂരിഫയര് വാങ്ങൽ	VETS	Maintenance Fund - Non-road Assets - 50000	New Project	50000

NB - 2025-26 വാർഷി പദ്ധതികൾ നടന്ന് വരികയാണ്.

പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാദ്ധ്യതയും

അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് നിരവധി പ്രശനങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. പുതിയ തലമുറ കാർഷിക വൃത്തിയോട് പുറം തിരിഞ്ഞ് നിൽക്കുന്നതും ഉള്ള കർഷകരുടെ പരിചയ കുറവും, കാർഷികോല്പന്നങ്ങൾക്ക് വിപണന സൗകര്യമില്ലായ്മയും, പ്രശ്നമായി അവശേഷിക്കുന്നു. കൃഷി രീതികളിലും യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നതും പരിശീലനം നൽകുകയും, സൗജന്യ നിരക്കിൽ വിത്തും, വളവും ലഭ്യമാക്കുകയും വേണം.

മൃഗ സംരക്ഷണ മേഖല ശോചനീയാവസ്ഥയിലാണ്. മുൻകാലങ്ങളിൽ പശു, ആട്, പോത്ത് തുടങ്ങിയ വളർത്ത് മൃഗങ്ങൾ വ്യാപകമായി ഈ ഗ്രാമപഞ്ചായത്തിൽ കാണപ്പെട്ടിരുന്നു. എന്നാൽ ഇത് വളരെ വിരളമാണ്. വീട്ട് വളപ്പിൽ സ്ഥലം ഇല്ലായ്മയും ഉള്ളവരുടെ താലപര്യകുറവുമാണ് ഇതിന് കാരണം. പരിപാലിക്കുന്നവർക്ക് ആവശ്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല എന്ന പരാതി ഉണ്ട്. ഒരുകാലത്ത് വീടുകളിൽ സുലഭമായിരുന്ന നാടൻ കോഴി വളർത്തൽ ഇപ്പോൾ ശുഷ്ക്കിച്ചിരിക്കുന്നു. മുട്ടകോഴി വിതരണം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

വൻകിട വ്യവസായ ഈ പഞ്ചായത്തിൽ ഇല്ല. വ്യവസായ മേഖല എന്ന് അറിയപ്പെടുന്ന വലിയപറമ്പിൽ സൗകര്യ ഉടമസ്ഥതിയൽ ഏതാനും ചെറുകിട വ്യവസായ ശാലകൾ പ്രവർത്തിച്ച് വരുന്നു, തദ്ദേശ വാസികളും അല്ലാത്തവുരുമായ ധാരാളം പേർ ഇവിടെ തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്നു.

ജനങ്ങൾ തിങ്ങി പാർക്കുന്ന പ്രദേശമായതിനാൽ വീട് വെക്കുന്നതിനുള്ള ഭൂമിയില്ലായ്മ വളരെ കൂടുതലാണ്. ഭൂമി ഉള്ളവരിൽ തന്നെ വീട് വെക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ് അധികവും. ദാരിദ്ര്യ ലഘുകരണ രംഗത്ത് ഏറ്റവും ശ്രദ്ധിക്കേണ്ട മേഖലകൂടിയാണ് ഇത്. ലൈഫ് പദ്ധതി നടപ്പി ലാക്കുന്നതിലൂടെ ഭവന രഹിതരുടെയും, ഭൂരഹിത ഭവന രഹിതരുടെയും പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

കുന്നുംപുറം കുടുംബ ആരോഗ്യ കേന്ദ്രമാണ് ഈ പഞ്ചായത്തിലെ ആരോഗ്യ ബോധവൽക്കരണ പ്രതിരോധ പ്രവർത്തനങ്ങൽക്ക് നേതൃത്വം നൽകി കൊണ്ടിരിക്കുന്നത്. എഫ്എച്ച്സിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏറെകുറെ ലഭ്യമാണ്. ആവശ്യമായ സ്റ്റാഫുകളുടെ അഭാവം കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സമാവാറുണ്ട്. കിടത്തി ചികിത്സക്ക് ആവശ്യമായ കെട്ടിട സൗകര്യങ്ങൾ ലഭ്യമാണെങ്കിലും ആവശ്യമായ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയാൽ ആരോഗ്യ രംഗത്ത് സ്തുത്യർഹമായ പ്രവർത്തനം കാഴചവെക്കാൻ സാധിക്കു. എഫ്.എച്.സി മെയിൻ സെന്റർ സ്ഥാപിക്കുന്നതിന് 5550000 രൂപയും എഫ്.എച്.സി കുടുംബാരോഗ്യ കേന്ദ്രം കെട്ടിട നിർമ്മാണത്തിനായി 14300000 രൂപയും വകയിരുത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണട്.

ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ മാറ്റൊരു പ്രധാന പ്രശ്നമാണ് കുടിവെള്ള ക്ഷാമം. ഇപ്പോൾ പ്രധാനമായും ഗ്രാമവാസികൾ ആശ്രയിക്കുന്നത് ഏ ആർ നഗർ കുടിവെള്ള പദ്ധതിയെ ആണ്. ഇത് പൂർണ്ണ സ്ഥിതിയിൽ എത്തിക്കുകയും, ഗ്രാമ പഞ്ചായത്തില് നടപ്പിലാക്കി വരുന്ന ജല ജീവൻ കുടിവെള്ള പദ്ധതി നടപ്പിലാകുന്നതോടെ കുടിവെള്ള പ്രശ്നത്തിന് പൂർണ്ണമായും പരിഹാരമാകും.

വിദ്യാഭ്യാസ രംഗത്ത് ഉന്നത പഠന സ്ഥാപനങ്ങൾ ഇല്ലാത്തതും സർക്കാർ ഉടമസ്ഥതയിൽ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇല്ലാത്തതും ഗുണ മേന്മയുള്ള വിദ്യാഭ്യാസത്തിന് പ്രശ്നം

സൃഷ്ടിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിന് സ്ഥാപിതമായ ഒരു എൽപി സ്കൂൾ ഇന്നും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

സ്ത്രീ ശാക്തീകണ രംഗത്ത് കാര്യമായ പുരോഗതി നേടാനായിട്ടുണ്ട്. വനിതകളെ ഉദ്ദേശിച്ച് രൂപീകരിക്കപ്പെടുന്ന പല പദ്ധതികളും വേണ്ടത്ര പങ്കാളിത്തം ലഭിക്കുന്നുണ്ട്. കുടുംബശ്രീ മുഖേനയും, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേനയും കാര്യമായ ഇടപെടലുകൾ നടത്തി ബോധവൽക്കരണത്തിന് ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്. വൃദ്ധൻമാരുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷമത്തിനായി ഇനിയും പദ്ധതികൾ രൂപികരിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഊർജ്ജ മേഖലകളിൽ ഉൽപ്പാദനത്തിന് സാധ്യമാകുന്ന സംരംഭങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല.

വിശദമായ സർവ്വേ നടത്തി സാധ്യത പഠനം നടത്താവുന്നതാണ്. സൗരോർജ്ജം ഉപയോഗിക്കുന്നതിന് വൈദ്യുതി ഉപയോഗം ഗണ്യമായി കുറക്കുന്നതിനും ബോധവൽക്കരണം ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് അതിരുകൾക്കുള്ളിൽ വിവിധ റോഡ് സൈഡുകളിലായി ധാരാളം തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പല ലൈറ്റുകളും പെട്ടൊന്ന് കേട്പാടുകൾ സംഭവിക്കുന്നു. റിപ്പയർ ചെയ്യുന്നതിനുള്ള നടപടികളു മായി പഞ്ചായത്ത് മുന്നോട്ട് പോവുകയാണ്. കൂടാതെ 30 ലക്ഷം രൂപയോളം ചെലഴിച്ച് പഞ്ചായത്ത് തെരുവോരങ്ങളില് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും ചെയ്തു.

പട്ടികജാതി കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് അവരുടെ വീട് കക്കൂസ് പോലുള്ള അടിസ്ഥാന സൗകര്യങ്ങൽക്ക് ആനുപാതികമായി ഫണ്ട്ചെലവഴിച്ചിട്ടുണ്ടെങ്കിലും വിദ്യാഭ്യാസ പരമായും തൊഴിൽ പരമായും അവരെ ഉയർത്തികൊണ്ടുവരേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.

വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ തന്ത്രം

അബ്ദുറഹ്മാൻ നഗർ ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സർവ മേഖലയിലും പ്രത്യേകിച്ച് പശ്ചാതലം, ആരോഗ്യം, കുടിവെള്ളം, വിദ്യാഭ്യാസം, പാർപ്പിടം തുടങ്ങിയ മേഖലകളിൽ സമ്പൂർണ്ണ വികസനം സാധ്യമാക്കുക എന്ന കാഴ്ച്ചപ്പാടോട് കൂടിയാണ് വാർഷിക പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതും പുതിയവ രൂപീ കരിച്ചിട്ടുള്ളതും. ഗ്രാമപഞ്ചായത്ത് ഓഫീസിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലും ആവശ്യമായ ഭൗതിക സൗരോകര്യങ്ങൾ ലഭ്യമാക്കി ജനസേവനം കാര്യക്ഷമമാക്കണം. വിവിധ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ വത്കരണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് സമയബന്ധിതമായി ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരി ക്കുക.

ചെറുകിട വ്യവസായ സംരംഭങ്ങളിലൂടെ സ്വയംതൊഴിലും സ്ഥിരവരുമാനവും സാധ്യമാക്കുക. തരിശായി കിടക്കുന്ന നെൽവയലുകൾസ കൃഷിയോഗ്യമാക്കുയും ഉല്പാദന വർദ്ധനവിന് ആവശ്യമായ നിർദേശവും പ്രോത്സാഹനവും നൽകുകയും ചെയ്യുക. ജലസേചന സൗകര്യം വർദ്ധിപ്പിച്ച് സംഘകൃഷി മറ്റു പാരമ്പര്യ കൃഷി ഇനങ്ങളായ നെല്ല്, കപ്പ, വാഴ തുടങ്ങിയവക്ക് ആവശ്യമായ സബ്സിഡി നൽകി വ്യാപകമാക്കുക. എല്ലാ വീടുക ളിലും സ്വന്തമായി പച്ചക്കറി കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക.

ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി ടാറിംഗും കോൺക്രീറ്റിംഗും പൂർത്തീകരിച്ച റോഡു കളുടെ സംരംക്ഷണവും പുതിയ റോഡുകളുടെ നിർമാണവും മുൻഗണന നിശ്ചയിച്ച് സമയബന്ധിതമായി

പൂർത്തീകരിക്കുക. ഗ്രാമപഞ്ചായത്തിലെ സ്വന്തമായി വീടില്ലാത്ത മുഴുവൻ കുടുംബങ്ങളേയും കണ്ടെത്തി സർക്കാർ ധനസഹായത്തിന് പുറമെ ആവശ്യമായ തുക സന്നദ്ധ സേവനം വഴി ലഭ്യമാക്കി പാർപ്പിട സൗകര്യം ഏർപ്പെടുത്തുക.

ആരോഗ്യ രംഗത്ത് കുന്നുംപുറത്ത് സ്ഥിതി ചെയ്യുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രം ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുക. രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളിൽ ബോധവത്കരണം നടത്തി യുവജന സംഘടനകൾ, ആശാ വർക്കർമാർ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവരെ സഹകരിപ്പിച്ച് ഫലപ്രദമായ ഇടപെടൽ നടത്തുക.

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന മുഴുവൻ കുടുംബങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നു. നടപ്പിലാക്കിയിട്ടുള്ള ഏ.ആർ. നഗർ പൊതുകുടിവെള്ള പദ്ധതി ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ പകുതിയോളം വാർഡുകളിലേക്ക് മാത്രമേ കുടിവെള്ളം എത്തിക്കാൻ സാധിച്ചിട്ടുള്ളൂ. എന്നാല് ഗ്രാമ പഞ്ചായത്തില് നടപ്പിലാക്കി വരുന്ന ജല ജീവൻ കുടിവെള്ള പദ്ധതി നടപ്പിലാകുന്നതോടെ കുടിവെള്ള പ്രശ്നത്തിന് പൂർണ്ണമായും പരിഹാരമാകും.

അവലോകനവും വിലയിരുത്തലും

ജനസേവനം കാര്യക്ഷമമാക്കൽ

നിത്യജീവിതത്തിലെ പല സുപ്രധാന ആവശ്യങ്ങൾക്കും വേണ്ടി പൊതുജനങ്ങൾ നിരന്തരമായി ബന്ധപ്പെടുന്ന ഒരു പ്രാദേശിക സർക്കാർ എന്ന രീതിയിൽ ഒരു ഗ്രാമപഞ്ചായത്തിന് ധാരാളം പ്രവർത്തന മേഖലകളുണ്ട്. ഈ മേഖലകളിലെല്ലാം അതിന്റെ ഭരണമഘടനാപരമായ അവകാശ-അധികാര പരിധിക്കുള്ളിലൊതുങ്ങി സ്തുത്യർഹമായ രീതിയിൽ ഇടപെട്ട് കൊണ്ട് സേവനങ്ങൾ ലഭ്യമാക്കികൊണ്ടിരിക്കുന്നുണ്ട്. ഓഫീസുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിലും ശ്രദ്ധചെലുത്തിയിട്ടുണ്ട്. വിവര സാങ്കേതിക വിദ്യ ശക്തി പ്രാപിച്ച ഈ കാലത്ത് എല്ലാ രംഗത്തും കമ്പ്യൂട്ടറൈസേഷൻ നടന്നുവരികയാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിലും ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കികൊണ്ടിരിക്കുന്നു. പുതിയ സാമ്പത്തിക വർഷം കെട്ടിട നികുതി അടവാക്കുന്നതും വിവിധ സർട്ടിഫിക്കറ്റുകൾ നൽകുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കിയിട്ടുണ്ട്. പൊതുജന സൗകര്യാർത്ഥം ഫ്രണ്ട് ഓഫീസിന് സമീപം ടെച്ച് സ്ക്രീൻ സ്ഥാപിക്കുകയും ചെയ്തിട്ടുണട്. കൂടാതെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി ഐ. കെ എം വികസിപ്പിച്ച കെ സ്മാർട്ട് സംവിധാനവും പഞ്ചായത്തില് നടത്തി വരുന്നു.

കൃഷിയും അനുബന്ധ മേഖലകളും

24 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിന്റെ ആകെ വിസ്തീർണം 14.83 ച.കീലോമീറ്ററാണ്. മമ്പുറം, പുകയൂർ നിർത്തടങ്ങളിലുൾപ്പെടുന്ന കൊളപ്പുറം, മമ്പുറം, പട്ടിശ്ശീരി, പുകയൂർ, കൊടുവായൂർ എന്നീ 5 പാടശേഖരങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. കൃഷിയുമായി ബന്ധപ്പെട്ട് ജീവിച്ചിരുന്ന പഴയ തലമുറയിലെ അധികപേരും ഇന്ന് രംഗം വിട്ടു. അവരുടെ സന്താനപരമ്പരകൾക്കും ഈ രംഗത്ത് താൽപര്യമില്ലാതായി. എന്നാൽ യുവാക്കളുൾപ്പെടെയുള്ള ഒരു പുതിയ തലമുറയെ കൃഷിയിലേക്ക് ആകർഷിപ്പിക്കാൻ കഴിഞ്ഞകാല ജനകീയാസൂത്രണ പ്രവർത്തനങ്ങൾ കൊണ്ട് സധിച്ചിട്ടുണ്ട്.

വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നിവയാണ് കൃഷി. വയലുകളിൽ നെൽകൃഷിക്ക് പുറമെ വാഴ, പൂള, പച്ചക്കറി എന്നിവയും കൃഷി ചെയ്തു വരുന്നു. തെങ്ങ്, കമുങ്ങ്, കശുമാവ്, വാഴ, ഇഞ്ചി, കുരുമുളക്, ചേന, ചേമ്പ്, മധുരകിഴങ്ങ്, ജാതി, കാച്ചിൽ, തുടങ്ങിയ പുരയിടങ്ങിൽ കൃഷി ചെയ്തുവരുന്നു. മുൻകാലങ്ങളിൽ മഴയെ ആശ്രയിച്ചായിരുന്നു. പ്രധാനമായും കൃഷി ചെയ്തിരുന്നത്. എന്നാൽ ഗ്രാമപഞ്ചാത്തിലെ പ്രധാന പാടശേഖരങ്ങളായ കൊളപ്പുറം, മമ്പുറം പാടശേഖരങ്ങളിൽ കൊളപ്പുറം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ കനാൽമാർഗം വെള്ളമെത്തിച്ച് ആധുനിക രീതിയിൽ കൃഷി നടത്തിവരുന്നു. പാടശേകരസമിതികലും കേരകർഷക സമിതികളും സ്തുത്യർഹമായി പ്രവർത്തിച്ചു വരുന്നു. കൃഷിവകുപ്പ് മുഖേന നടപ്പാക്കുന്നപദ്ധതികളും ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതികളും കർഷകരെ ഈ രംഗത്ത് പിടിച്ചുനിർത്തുന്നതിന് സഹായിക്കുന്നു.. 2026-27 സാമ്പത്തിക വർഷം ഒരു കോടി അമ്പത് ലക്ഷത്തിലധികം രൂപ കാർഷികാനുകൂല്യങ്ങൾ നൽകുന്നതിനും മറ്റു അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി വകയിരുത്തിയിട്ടുണ്ട്. 2025-26 വർഷത്തിലും കാർഷിക മേഖലക്ക് മതിയായ പരിഗണ നൽകിയിട്ടുണ്ട്. 2014 -15 വർഷത്തില് തരിശ്ഭൂമി കൃഷിഭൂമിയാക്കിമാറ്റുന്നതിന് പദ്ധതി നടപ്പിലാക്കിയതിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുകയും 10 ലക്ഷം രൂപയും പ്രശസ്തി പത്രവും ലഭിച്ചത് കാർഷിക മേഘലയില് എടുത്ത് പറയേ നേട്ടങ്ങളിലൊന്നാണ്.

മൃഗ സംരക്ഷണം

ഗ്രാമപഞ്ചായത്തിൽ കുന്നുംപുറം കേന്ദ്രമാക്കി മൃഗാശുപത്രിയും വി.കെപടിയിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ICDP സബ്സെന്ററുമുണ്ട്. പശു, എരുമ, ആട്, പോത്ത് കോഴി , താറാവ് എന്നിവയാണ് ആളുകൾ വ്യാപകമായി വളർത്തി വരുന്നത്. സ്വന്തമായി കെട്ടിടമുള്ള മൃഗാശുപത്രിക്കാവശ്യമായ മറ്റു ഭൗതികസൗകര്യങ്ങൾ ഒരുക്കുന്നതിന് ജനകീയാസൂത്രണ പദ്ധതികളിലൂടെ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. മൃഗാശുപത്രിയിലേക്ക് ആവശ്യമായ മരുന്ന്, പശുക്കൾക്ക് ഗർഭ കാല പരിരക്ഷ നൽകുന്നതിനാവശ്യമായ വിഭവങ്ങൾ എന്നിവക്ക് വേണ്ടി മുൻവർഷ പദ്ധതിയിൽ ഫണ്ട് വകയിരുത്തിയിരുന്നു. വനിതാ ഗൃഹനാഥകളായ കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യം വെച്ച് 2025-26 വാർഷിക പദ്ധതിയിൽ മുട്ട ക്കോഴി വിതരണത്തിന് തുക വകയിരുത്തി. . 2026-27 വർഷം മൃഗ സംരക്ഷണവുമായി ബന്ധപ്പെട്ട പലപദ്ധതി കളും ആസൂത്രണം ചെയ്തിട്ടുണ്ട്.

ചെറുകിട വ്യവസായം

ഈ രംഗത്ത് കാര്യമായ മാറ്റങ്ങളുണ്ടാക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. വകയിരുത്തിയ ഫണ്ടുകൾ യഥാസമയം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഗ്രാമീണ ജനതയുടെയും വിവിധ അയൽകൂട്ട ഗ്രൂപ്പുകളുടെയും താൽപര്യമില്ലായ്മയാണ് ഇതിന് പ്രസ്തുത കാരണം. തയ്യാറാവുന്ന ഗ്രൂപ്പുകൾക്കും സംരംഭകർക്കും പരിശീലനത്തിനും സാമ്പത്തിക സഹായങ്ങൾ നൽകുന്നതിന് കുടുംബശ്രീ മിഷനുൾപ്പെടെയുള്ള ദാരിദ്ര ലഘൂകരണ യൂണിറ്റുകൾ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ഏതാനും ഗ്രൂപ്പുകളും വ്യക്തികളും സംരംഭകരായി രംഗത്ത് വന്നത് സ്വാഗതാർഹമാണ്. 2026-27 വർഷത്തിൽ ചെറുകിട വ്യവസായ രംഗത്ത് കാതലായ മാറ്റം പ്രതീക്ഷിക്കുന്നു.

ദാരിദ്ര ലഘൂകരണം

ഒരു രാജ്യത്തിന്റെ വികസനം സമ്പൂർണമാവണമെങ്കിൽ ആ രാജ്യത്തെ, സാമ്പത്തിക പിന്നോക്കം നിൽക്കുന്നവരുടെ ഉയിർത്തെഴുന്നേൽപ്പ് പ്രധാനമണ്. ഈ ലക്ഷ്യം നേടുന്നതിന് നമ്മുടെ രാജ്യത്ത് കേന്ദ്രസംസ്ഥാന സർക്കാറുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ധാരാളം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി നമ്മുടെ ഗ്രാമപഞ്ചായത്തിലും മുൻകാലങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

വാസയോഗ്യമായ വീടില്ലാത്ത ധാരാളം കുടുംബങ്ങൾ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. ഭൂമിയുടെ വർദ്ധിച്ച വിലയും വീട് വെക്കാനുള്ള സാധന സാമഗ്രികളുടെ വിലക്കയറ്റവും ഭീമമായ കൂലിച്ചെലവും ജനങ്ങളെ വീട് വെക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നു. 2014-15 വർഷത്തിൽ IAY പദ്ധതിപ്രകാരം നിരവധി കുടുംബങ്ങൾക്ക് വീട് വെക്കുന്നതിന് ഗ്രാമപഞ്ചായത്ത് പദ്ധതി പ്രകാരം 40 ലക്ഷം രൂപ സഹായം നൽകിയിട്ടുണ്ട്. 2015-16, 2016-17 വാർഷികപദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിച്ച് വീടുകൾ നൽകുന്നതിനും ഭവനപുനരുദ്ധാരണത്തിന് സഹായം നൽകുന്നതിനും വലിയ ഒരു തുക വകയിരുത്തി ചെലവ ഴിച്ചു. ലൈഫ് മിഷൻ പദ്ധതിയിൽ 2018-19,2019-20,2020-21,2021-22, 2022-23, 2023-24, 2024-25, 2025-26 സാമ്പത്തിക വർഷത്തിൽ പൊതു വിഭാഗത്തിന് വികസന ഫണ്ടിന്റെ 20 ശതമാനത്തിലധികം തുക വകയി രുത്തിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുന്നു.

റോഡുകൾ

അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിൽ റോഡുകൾ എത്തിച്ചേരാത്ത പ്രദേശങ്ങൾ വളരെ വിരളമാണ്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 88% റോഡുകളും ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. പല റോഡുകൾക്കും ഗതാഗതത്തിന് സൗകര്യപ്രഥമായ വീതിയല്ല എന്നത് ഒരു പോരായമയാണെങ്കിലും വാർഷാവർഷങ്ങളിൽ ആവശ്യമായ റിപ്പേർ ചെയ്ത് സംരക്ഷിക്കുന്നുണ്ട്. ടാറിംഗ് പൂർത്തീകരിച്ചിട്ടില്ലാത്ത റോഡുകളിൽ മിക്കതും പുതുതായി നിർമ്മിക്കപ്പെട്ടിട്ടുള്ളവയാണ്. ഇവകളുൾപ്പെടെ ടാർചെയ്തും, കോൺക്രീറ്റ് ചെയ്തും ഗതാഗത യോഗ്യമാക്കുന്നതിനും മറ്റുള്ളവ റിപ്പേർ ചെയ്യുന്നതിനും വികസന ഫണ്ട്, റോഡ് മെയിന്റനൻസ് ഫണ്ട്, എന്നിവക്ക് പുറമെ തനത് വരുമാനത്തിന്റെ വലിയൊരു ഭാഗം 2025-26 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ എം.പി, എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചും ധാരാളം റോഡ് പ്രവർത്തികൾപൂർത്തീകരിച്ച് വരുന്നു.

2026-27 വാർഷികപദ്ധതിയിലും ഭീമമായ ഒരു സംഖ്യ റോഡ് പുനരുദ്ധാരണ സംരക്ഷണ പ്രവർത്തികൾക്കായി നീക്കിവെച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പ്രാധാന്യമുള്ള പല റോഡുകളുടെയും നവീകരണ പ്രവർത്തികൾക്ക് വേണ്ടി നടപ്പുവർഷം ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

ഊർജ്ജം

വൈദ്യുതി എത്താത്ത പ്രദേശങ്ങൾ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഇല്ല. കണക്ഷൻ ലഭിച്ചിട്ടില്ലാത്ത വീടുകളും വളരെ കുറവാണ്. ഉണ്ടെങ്കിൽ അവ സാങ്കേതിക കാരണങ്ങളിൽ തടസ്സപ്പെട്ടിട്ടുള്ളവയാണ്. എം.എൽ.എ യുടെ സമ്പൂർണ വൈദ്യുതീകരണ പദ്ധതിയിലും മറ്റു കേന്ദ്രപദ്ധിതിക്കു കീഴിലുമായി വൈദ്യുതി എത്താത്ത വീടുകളിൽ വൈദ്യുതി എത്തിച്ചിട്ടുണ്ട്. സിംഗിൾ ഫേസ് ലൈനുകൾ ത്രീഫേസ് ലൈനുകളാക്കി മാറ്റിയിട്ടുണ്ട്. തെരുവു വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് 495000 രൂപ 2025-26 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്, തെരുവു വിളക്കുകൾ സ്ഥാപാക്കുന്നതിനും അവറിപ്പേർ ചെയ്യുന്നതിനും ഗ്രാമപഞ്ചായത്ത് വിവിധ വർഷങ്ങളിലായി ഫണ്ട് വിനിയോഗിച്ചു വരുന്നു. തെരുവിളക്കുകളുടെ

വൈദ്യുതിചാർജ്ജ് ഇനത്തിൽ പ്രതിവർഷം 400000 ത്തോളം രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്നു. കൂടാതെ തൊരുവ് വിളക്ക് കൂടുതല് സ്ഥാപിക്കുന്നതിലേക്കായിമെയിൻ ലൈൻ സ്ഥാപിക്കുന്നതിനായി ഫണട് വകയിരുത്തി കേരള ഇലക്ട്രിസിറ്റി ബോർഡിന് തുക അടവാക്കി പ്രവർത്തി നടന്ന് വരുന്നു. കൂടാതെ 2025 -26 വർഷത്തില് 35 ലക്ഷം രൂപയോളം ചെലഴിച്ച് സ്ട്രീറ്റ് ലൈറ്റുകൾ പുതിയത് സ്ഥാപിക്കുകയും ചെയ്തിട്ടുണട്.

സാമൂഹ്യക്ഷേമം

നിരാശ്രയരും നിർധനരുമുൾപ്പെടുന്ന ഒരു വലിയ സമൂഹം വൃദ്ധരും ഭിന്നശേഷിക്കാരും, വിധവകളും നമ്മുടെ ഗ്രാമത്തിലുണ്ട്. അർഹരായ ഇത്തരം ആളുകളിലേക്ക് മുഴുവനായി പെൻഷൻ എത്തിക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കുകയുണ്ടായി. അദാലത്തിൽ അപേക്ഷ നൽകിയ അർഹരായ മുഴുവൻ ആളു കൾക്കും പെൻഷൻ അനുവദിക്കുകയും ചെയ്തു. മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി എല്ലാവർഷവും നടപ്പാക്കിവരുന്നു. നടപ്പ് വർഷം ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിയില് 86 ഓളം വിദ്യാർഥികൾക്കായി 3330500 രൂപ ചെലവഴിച്ച് വരുന്നു.

ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം കാരച്ചിന സാസ്കാരിക നിലയത്തില് ബഡ്സ് സ്കൂൾ ആരംഭിച്ചു. വയോജനങ്ങൾക്കുള്ള വിനോദ യാത്രക്ക് നൂതന പദ്ധതി ആവിഷ്കരിച്ച് പദ്ധതി നടപിലാക്കി.

വനിതാ ശിശുവികസനം

ഒരു സമൂഹത്തിലെ ഏറ്റവും ശ്രദ്ധപതിയേണ്ട വിഭാഗമാണ് സ്ത്രീകളും കുട്ടികളും, അവരുടെ ഉന്നമനത്തിന് വേണ്ടി വിവിധ സർക്കാരുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവിധ പദ്ധതികളാവിഷ്കരിച്ച് നടപിലാക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും സ്ത്രീകളും കുട്ടികളുമാണ്. വിദ്യാർത്ഥികളിൽ കൂടുതലും പെൺകുട്ടികളാണ്. എങ്കിലും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും തൊഴിൽ മേഖലയിലും അവരുടെ പങ്ക് വിരളമാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 40 അങ്കണവാടികൾ പ്രവർത്തിക്കുന്നു. സൗകര്യപ്രഥമായ കെട്ടിടങ്ങളുള്ളവയും ഇല്ലാത്തവയും ഇതിൽപെടുന്നു. കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കുന്നുണ്ട്. അങ്കണവാടി കുട്ടികളുടെ ഭക്ഷണത്തിനും കൗമാരപ്രായമായ പെൺകുട്ടികളുടെ പോഷകാഹാരത്തിനുമായി കേന്ദ്രവിഹിതമായ 2940000 രൂപക്ക് പുറമെ 38 ലക്ഷത്തിലധികം രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്നു.

നടപ്പ് വാർഷിക പദ്ധതിയിൽ (2025-26) പോഷകാഹാരത്തിന് 6800000/- രൂപ രൂപയും വകയിരുത്തിയിട്ടുണ്ട്. അങ്കണവാടികളുടെ അടിസ്ഥാനസൗകര്യത്തിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ആരോഗ്യം

കുന്നുംപുറം പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കേന്ദ്രീകരിച്ചാണ് ഈ ഗ്രാമപഞ്ചായത്തിലെ ആരോഗ്യ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത്. പുകയൂർ, അറലപറമ്പ് എന്നീ സ്ഥലങ്ങളിൽ ഹോമിയോ ആശുപത്രികളും, മമ്പുറത്ത് ആയർവ്വേദ ആശുപത്രിയും പ്രവർത്തിക്കുന്നു. പി.എച്ച്.സിക്ക് വിവിധ വാർഡുകളായി 5 ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവ കൂടാതെ, അലോപതി ആയൂർവേദ ഹോമിയോ യൂനാനി മേഖലകളിൽ സ്വകാര്യ ആശുപത്രികളും ക്ലിനിക്കുകളും പ്രവർത്തിക്കുന്നു. ജീവിത ശൈലി രോഗങ്ങളും കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പകർച്ചാവ്യാധികളും നേരിടുന്നതിന് പര്യാപ്തമായ

രീതിയിൽ ബോധവർക്കരണ പരിപാടികളും പ്രതിരോധ പ്രവർത്തനങ്ങളും FHC കേന്ദ്രീകരിച്ച് നടന്നു വരുന്നു. കുന്നുംപുറം FHC കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ കേന്ദ്രം അശരണരായി രോഗികൾക്കും കിടപ്പിലായവർക്കും ആശ്വാസമേകുന്നു. ഗ്രാമപഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പരിരക്ഷ പദ്ധതിക്ക് കീഴിൽ കിടപ്പിലായ രോഗികളെ ശുശ്രൂഷിച്ചുവരുന്നു. ആശാവർക്കർമാർ, ആശുപത്രിജീവനക്കാർ എന്നിവരുടെ സഹകരണത്തോടെ ആഴ്ചയിലൊരിക്കൽ സബ്സെന്ററുകൾ, അംഗണവാടികൾ എന്നിവ കേന്ദ്രീകരിച്ച് പ്രതിരോധ കുത്തിവെപ്പുകൾ നടത്തിവരുന്നുണ്ട്. ലഹരിക്കെതിരെ ബോധവൽക്കരണം നടന്നുവരുന്നു. സബ്സെന്ററുകൾ കേന്ദ്രീകരിച്ച് പ്രഷർ, പ്രമേഹ രോഗികൾക്കുള്ള പ്രത്യേക പരിശോധന ആഴ്ചയിൽ ഒരിക്കൽ നടത്തുന്നു. എഫ്.എച്.സി മെയിൻ സെന്റർ സ്ഥാപിക്കുന്നതിന് 5550000 രൂപയും എഫ്.എച്.സി കുടുംബാരോഗ്യ കേന്ദ്രം കെട്ടിട നിർമ്മാണത്തിനായി 14300000 രൂപയും വകയിരുത്തി നിർമ്മാണം പൂർത്തീകരിച്ചു.

കുടിവെള്ളം

